# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 561</u> <u>29.06.2011-ൽ മറുപടിക്ക്</u>

## <u>എൻ.ആർ.എച്ച്.എം -ലെ നിയമനം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
| --- | --- |
| ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.എൻ.ശക്തൻ | ശ്രീ.അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പുമന്ത്രി) |
| (എ) എൻ.ആർ.എച്ച്.എം -ൽ കഴിഞ്ഞ 5 വർഷം എത്ര പേർക്ക് നിയമനം നൽകി ; | (എ) കഴിഞ്ഞ 5 വർഷത്തിനുള്ളിൽ 9479 പേർക്ക് എൻ.ആർ.എച്ച്.എം ജോലി നൽകി. |
| (ബി) എംപ്ലായ്മെന്റിൽ നിന്നും പി.എസ്.സി വഴിയും ഈ കാലയളവിൽ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട് ; | (ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി 505 പേർക്കും പി.എസ്.സി ലിസ്റ്റിൽ നിന്നും 928 പേർക്കും താൽക്കാലിക അടിസ്ഥാനത്തിൽ നിയമനം നൽകി.<br>പി.എസ്.സി ലിസ്ററിൽ നിന്നും താൽക്കാലികാടിസ്ഥാനത്തിൽ നിയമനം നൽകുന്നത് താഴെ പറയുംപ്രകാരമാണ്.<br>ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് അതാതു എൻ.ആർ.എച്ച്.എം ജില്ലാ ഓഫീസുകളിൽ നിന്ന് പി.എസ്.സി യ്ക്ക് ഒഴിവുകളുടെ എണ്ണവും തസ്തികയും കാണിച്ച് കത്ത് നൽകുന്നു. നിലവിൽ പ്രസ്തുത തസ്തികയ്ക്ക് റാങ്ക് ലിസ്റ്റ് നിലവിൽ ഉണ്ട് എങ്കിൽ റൊട്ടേഷൻ അടിസ്ഥാനത്തിൽ ഉദ്യോഗാർത്ഥികളുടെ പേരും വിവരവും പി.എസ്.സി നൽകുകയും ചെയ്യും. എൻ.ആർ.എച്ച്.എം ഉദ്യോഗാർത്ഥികളെ നേരിട്ട് വിളിച്ച് താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യാൻ താൽപര്യമുണ്ടോ എന്ന് ചോദിക്കും. താൽപര്യം ഉള്ള ഉദ്യോഗാർത്ഥികളെ താൽക്കാലിക അടിസ്ഥാനത്തിൽ നിയമിക്കും. അങ്ങനെ താൽക്കാലിക അടിസ്ഥാനത്തിൽ നിയമനം ലഭിച്ചവർക്ക് പി.എസ്.സി മുഖാന്തിരം സ്ഥിര നിയമനം ലഭിക്കുമ്പോൾ വിടുതൽ ചെയ്ത് പോകാവുന്നതാണ്. |
| (സി) എൻ.ആർ.എച്ച്.എം-ൽ നടത്തിയ നിയമനം സംബന്ധിച്ച് നിലപാടെന്താണെന്ന് വ്യക്തമാക്കാമോ ? | (സി) ആരോഗ്യകേന്ദ്രങ്ങളിൽ എൻ.ആർ.എച്ച്.എം ലൂടെ നിയമിക്കുന്ന രീതി :<br>ഡോക്ടർമാർ<br>1) സി.ആർ.എസ് (Compulsory Rural Service<br>2) ഇന്റർവ്യൂവിലൂടെ നിയമിക്കുന്ന ഡോക്ടർ<br>മറ്റ് എല്ലാ പാരാമെഡിക്കൽ സ്റ്റാഫ് ആദ്യം സർക്കാർ ബോണ്ടഡ് ലിസ്റ്റിൽ നിന്നും നിയമിക്കുന്നു. ബോണ്ടഡ് ലിസ്റ്റിൽ നിന്നും നിയമിച്ചില്ല എങ്കിൽ പി.എസ്.സി യുടെ ലിസ്റ്റിൽ നിന്നും നിയമിക്കുന്നു. ഇതും ലഭിച്ചില്ലെങ്കിൽ മാത്രം ഒരു തുറന്ന ഇന്റർവ്യൂവിലൂടെ നിയമിക്കുന്നു. |

സെക്ഷൻ ഓഫീസർ